കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 9 | ലക്കം 21 | ഫെബ്രുവരി 15, 2022

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

അകത്താളുകളിൽ

2 മൂല്യ വർദ്ധിത ഉൽപ്പന്ന നിർമാണത്തിലൂടെ സാമ്പത്തിക ഭദ്രത ഉറപ്പാക്കുക – മന്ത്രി കെ.രാജൻ

3 കേരഫെഡും മാർക്കറ്റ് ഫെഡും കർഷകരിൽനിന്നും കൊപ്ര സംഭരിക്കും: കൃഷിമന്ത്രി

4 കേരഗ്രാമം പദ്ധതിക്ക് താനാളൂർ ഗ്രാമ പഞ്ചായത്തിൽ തുടക്കമായി

## കാർഷിക ഇൻഷുറൻസ്: സംസ്ഥാന സർക്കാർ വിഹിതം 19.28 കോടി അനുവദിച്ചതായി കൃഷിമന്ത്രി

കേന്ദ്രസർക്കാരുമായി സംയോജിച്ചു കൊണ്ട് സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന രണ്ട് ഇൻഷുറൻസ് പദ്ധതികളാണ് പ്രധാനമന്ത്രി ഫസൽ ബിമാ യോജനയും കാലാവസ്ഥധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയും. കേരളത്തിൽ അഗ്രികൾച്ചറൽ ഇൻഷുറൻസ് കമ്പനിയെയാണ് പദ്ധതി നടത്തിപ്പിനായി തിരഞ്ഞെടുത്തിട്ടുള്ളത്. ഖാരിഫ് 2021 സീസണിലേക്കുള്ള പ്രീമിയം തുകയുടെ ആദ്യഗഡു സംസ്ഥാന സർക്കാർ വിഹിതമായ 8,24,00,459 രൂപയും രണ്ടാം ഗഡു ഖാരിഫ് 21 സീസണിലേക്ക് 11,04,38,834 രൂപയും അനുവദിച്ചതായി കൃഷിമന്ത്രി പി.പ്രസാദ് അറിയിച്ചു. കേന്ദ്ര സർക്കാർ വിഹിതം കൂടി അനുവദിക്കുന്നതനുസരിച്ച് കർഷകർക്ക് ആനുകൂല്യം ലഭിച്ചു തുടങ്ങും.



## പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരത്തുകയായി പത്തു കോടി രൂപ അനുവദിച്ചു

പ്രകൃതിക്ഷോഭം മൂലം വിളനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരമായി വിതരണം ചെയ്യുന്നതിന് സംസ്ഥാന സർക്കാർ വിഹിതമായി പത്തു കോടി രൂപ കൂടി അനുവദിച്ചു. വിളനാശം സംഭവിച്ച് കടബാധ്യതയിലായ കർഷകർക്ക് ഇത് ആശ്വാസകരമാകും. നടപ്പു സാമ്പത്തിക വർഷം തന്നെ വിതരണം ചെയ്യുന്നതിന് കൃഷി ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ടാണ് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിച്ച ഇൻഷ്വർ ചെയ്ത വിളകൾക്കുള്ള നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. നഷ്ടപരിഹാരം ലഭിക്കുന്നതിനായി കർഷകർ സമർപ്പിച്ച അപേക്ഷകളിന്മേൽ ഒരു മാസത്തിനകം നടപടികൾ പൂർത്തീകരിക്കണമെന്ന് കൃഷിമന്ത്രി നിർദ്ദേശം കൊടുത്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തിയ നഷ്ടപരിഹാര തുകയുടെ ആദ്യഘട്ടമായാണ് പത്ത് കോടി രൂപ അനുവദിച്ചിട്ടുള്ളത്.

ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രകൃതിക്ഷോഭം മൂലം മുൻ വർഷങ്ങളിൽ കർഷകർക്ക് വിളനാശം സംഭവിച്ചതിന്റെ നഷ്ടപരിഹാരമായി സംസ്ഥാന സർക്കാർ വിഹിതം 54.94 കോടി രൂപയും കേന്ദ്രസർക്കാർ വിഹിതം കോടി 8.25 രൂപയും അടക്കം 63.19 കോടി രൂപ കർഷകർക്ക് വിതരണം ചെയ്തിരുന്നു. ഇപ്പോൾ അനുവദിച്ച തുക കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിൽ കാലതാമസം കൂടാതെ എത്തിക്കുന്നതിന് കൃഷിമന്ത്രി നിർദേശം നൽകിയിട്ടുണ്ട്.

ചീഫ് എഡിറ്റർ - ജോർജ് സെബാസ്റ്റ്യൻ
എഡിറ്റർ - ഡോ. ആശ റ്റി.റ്റി.
അസോസിയേറ്റ് എഡിറ്റർ - എസ്. ശരത്ചന്ദ്രകുമാർ
അസിസ്റ്റന്റ് എഡിറ്റർ - വിഷ്ണു എസ്.പി.

# മൂല്യ വർദ്ധിത ഉൽപ്പന്ന നിർമാണത്തിലൂടെ സാമ്പത്തിക ഭദ്രത ഉറപ്പാക്കുക – മന്ത്രി കെ.രാജൻ

കാപ്പി, കുരുമുളക്, ജാതി,ഇഞ്ചി,മഞ്ഞൾ തുടങ്ങിയവയുടെ മൂല്യ വർദ്ധിത ഉൽപന്ന നിർമാണത്തിലൂടെ കർഷകർക്ക് കൂടുതൽ മെച്ചപ്പെട്ട സാമ്പത്തിക നേട്ടം ഉണ്ടാക്കാൻ ആവും എന്ന റവന്യൂ വകുപ്പ് മന്ത്രി കെ.രാജൻ. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്,വയനാട് പാക്കേജ് പദ്ധതിയിൽ ഉൾപെടുത്തി ജില്ലയിലെ ചെറുകിട നാമമാത്ര കർഷകരുടെ കാപ്പി വിപണി വിലയേക്കാൾ 10 രൂപ അധികമായി നൽകി സംഭരിക്കുന്ന പദ്ധതി സുൽത്താൻ ബത്തേരി അമ്മായിപ്പാലത്ത് ഉള്ള ഗ്രാമീണ കാർഷിക മൊത്ത വിപണന കേന്ദ്രത്തിൽ വെച്ച് നെൻമേനിയിലെ കർഷകനായ എം.വി. വിശ്വനാഥനിൽ നിന്നും കാപ്പി സംഭരിച്ചു കൊണ്ട് ഉദ്ഘാടനം ചെയ്തു സംസാരിക്കുക ആയിരുന്ന മന്ത്രി. കാർഷിക ഉൽപന്നങ്ങൾക്ക് അധിക വിലയും സബ്സിഡിയും നൽകി കർഷകരെ സഹായിക്കാനാവും എന്നു മന്ത്രി അഭിപ്രായപ്പെട്ടു

ജില്ലയിലെ ഏറ്റവും പ്രധാന വരുമാന മാർഗമാണ് കാപ്പി കൃഷി . 67426 ഹെക്ടറിൽ വ്യാപിച്ചു കിടക്കുന്ന ഇതിൽ പ്ലാന്റേഷൻ, ഒഴികെ ഏകദേശം മുപ്പത്തിനായിരത്തോളം ഹെക്ടർ ചെറുകിട നാമമാത്ര കർഷകരുടെ കൈവശത്തിലാണ് ഉള്ളത്. സമഗ്ര കാപ്പി കൃഷി വികസനത്തിനായി അഞ്ച് കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ജില്ലയിലെ ചെറുകിട നാമമാത്ര കർഷകരുടെ പക്കൽ നിന്നും കാപ്പി സംഭരിക്കുന്നതിന് ഇതാദ്യമായാണ് അനുമതി ലഭിച്ചിട്ടുള്ളത്. ബത്തേരി അമ്മായിപ്പാലത്തുള്ള ഗ്രാമീണ കാർഷിക മൊത്ത വിപണി വഴിയാണ് കർഷകരിൽ നിന്ന് കാപ്പി സംഭരണം നടപ്പിലാക്കുന്നത്. 455 ടൺ കാപ്പി സംഭരിക്കുന്നതിന് 50 ലക്ഷം രൂപ സർക്കാർ അനുവദിച്ചു നൽകിയിട്ടുണ്ട്. 100 കായ്ക്കുന്ന മരമെങ്കിലും ഉള്ള കർഷകരിൽ നിന്ന് ആദ്യ ഘട്ടത്തിൽ പരമാവധി 250 കി.ഗ്രാം വീതമാണ് ഉണ്ട കാപ്പി സംഭരിക്കുന്നത്. ജനുവരി 31 വരെയാണ് അതാത് കൃഷിഭവനുകളിൽ കർഷകർക്ക് രജിസ്റ്റർ ചെയ്യുന്നതിനുള്ള അവസരം. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം



അതാത് പഞ്ചായത്തിലെ കാർഷിക വികസന സമിതി തീരുമാനിക്കും. അപേക്ഷകരുടെ എണ്ണത്തിനനുസരിച്ച് ആവശ്യമെങ്കിൽ കൂടുതൽ അളവിൽ കാപ്പി സംഭരിക്കുന്നതിന് ജില്ലാതലത്തിൽ തീരുമാനമെടുക്കുന്നതാണ്.

മൂന്ന് ഏജൻസികൾ വഴിയാണ് കാപ്പി സംഭരിക്കുന്നത്. കൽപ്പറ്റ ബ്ലോക്കിലെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കൽപ്പറ്റ നഗരസഭ എന്നീ പ്രദേശങ്ങളിൽ നിന്ന് ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിയും ബത്തേരി ബ്ലോക്കിലെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പുൽപ്പള്ളി, പൂതാടി, മുള്ളൻകൊല്ലി പഞ്ചായത്തുകൾ, ബത്തേരി നഗരസഭ എന്നീ പ്രദേശങ്ങളിൽ നിന്നു വാസുകി ഫാർമേഴ്സ് സൊസൈറ്റിയും മാനന്തവാടി ബ്ലോക്കിലെ മുഴുവൻ പഞ്ചായത്തുകൾ, മാനന്തവാടി നഗരസഭ, പനമരം, കാണിയാമ്പറ്റ പഞ്ചായത്തുകളിൽ നിന്ന് വയനാട് സോഷ്യൽ സർവിസ് സൊസൈറ്റിയും വഴിയാണ് കാപ്പി സംഭരിക്കുന്നത്.

ഏജൻസികൾ ഗ്രാമീണ കാർഷിക മൊത്ത വിപണിയുടെ ഉടമ്പടി പ്രകാരം ഫെബ്രുവരി 7 മുതൽ 19 വരെ പഞ്ചായത്തുകളിലെ ഒന്നോ രണ്ടോ ലൊക്കേഷനിൽ നിന്നും കാപ്പി സംഭരിക്കും. ജില്ലയിലെ പ്രധാന വിപണികളിലെ സംഭരണ വിലയും പ്രമുഖ പത്രങ്ങളിലെ കമ്പോള നിലവാരവും അടിസ്ഥാനപ്പെടുത്തിയാവും സംഭരണ വില നിശ്ചയിക്കുന്നത്. കർഷകരുടെ ഉൽപ്പന്നങ്ങൾ സംഭരിച്ച് 5 ദിവസത്തിനകം ഏജൻസികൾ, കർഷകരുടെ അക്കൗണ്ടിലേക്ക് സംഭരണ വില നൽകും.

കർഷകർക്ക് നൽകുന്ന അധിക. വില കിലോഗ്രാമിന് 10 രൂപ എന്ന നിരക്കിൽ അതിനടുത്ത ദിവസം തന്നെ റൂറൽ അഗ്രികൾച്ചറൽ ഹോൾസെയിൽ മാർക്കറ്റ് സെകട്ടറി നൽകുന്ന സ്റ്റേറ്റ്മെന്റ് പ്രകാരം കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ കർഷകരുടെ അക്കൗണ്ടിലേക്ക് നൽകും. ഗുണമേന്മ ഉറപ്പുവരുത്തിയ ശേഷമാകും ഏജൻസികൾ ഉണ്ടക്കാപ്പി സംഭരിക്കുന്നത്.

ചടങ്ങിൽ വയനാട് ആത്മ പ്രോജക്ട് ഡയറക്ടർ ശ്രീമതി. വി.കെ സജിമോൾ സ്വാഗതം പറഞ്ഞു. വയനാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സംഷാദ് മരയ്ക്കാർ അധ്യക്ഷം വഹിച്ചു മാനന്തവാടി എം.എൽ.എ ശ്രീ. ഒ.ആർ.കേളു സംഭരണ രസീത് കൈമാറൽ ചടങ്ങ് നിർവഹിച്ചു. ധാരണ പത്രം കൈമാറ്റം കൽപറ്റ എം. എൽ.എ ശ്രീ. ടി.സിദ്ദിഖ് നിർവഹിച്ചു. സുൽത്താൻ ബത്തേരി മുൻസിപ്പൽ ചെയർമാൻ ശ്രീ. ടി.കെ. രമേശ്, സുൽത്താൻ ബത്തേരി ബ്ളോക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സി.അസൈനാർ, ജില്ലാ കാർഷിക വികസന അംഗം ശ്രീമതി. അംബി ചിറയിൽ, കൗൺസിലർ ശ്രീ. സലിം മഠത്തിൽ, ബ്രഹ്മഗിരി ഡവലപ്മെന്റ് സൊസൈറ്റി എക്സിക്യൂട്ടീവ് മെമ്പർ ശ്രീ. പി.കെ.സുരേഷ് മറ്റു ജനപ്രതിനിധികൾ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പരിപാടിയിൽ പങ്കെടുത്തു. ഗ്രാമീണ കാർഷിക മൊത്ത വ്യാപാര വിപണന കേന്ദ്രം സെക്രട്ടറി ശ്രീ. ബിജുമോൻ സക്കറിയ നന്ദി പറഞ്ഞു.

# കേരഫെഡും മാർക്കറ്റ് ഫെഡും കർഷകരിൽനിന്നും കൊപ്ര സംഭരിക്കും: കൃഷിമന്ത്രി

2022 സീസണിൽ കേരളത്തിലെ കർഷകരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട സഹകരണസംഘങ്ങൾ മുഖേന കൊപ്ര സംഭരിക്കുന്നതിന് തീരുമാനമെടുത്തതായി കൃഷിമന്ത്രി പി.പ്രസാദ് അറിയിച്ചു. നാഫെഡ് ആയിരിക്കും കൊപ്ര സംഭരിക്കുന്ന ഏജൻസി. സഹകരണ സംഘങ്ങൾ മുഖേന കൊപ്ര സംഭരിച്ച് നാഫെഡിനു കൈമാറുന്നതിനായി കേരഫെഡിനെയും മാർക്കറ്റ് ഫെഡിനെയും സ്റ്റേറ്റ് ലെവൽ ഏജൻസികളായി ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. സംഭരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സംസ്ഥാനതലത്തിൽ കൃഷി വകുപ്പ് സെക്രട്ടറി ചെയർമാനായും കൃഷി ഡയറക്ടർ കൺവീനറായും ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.



ജില്ലാതലത്തിൽ ജില്ലാ കളക്ടർ ചെയർമാനായും പ്രിൻസിപ്പൽ കൃഷി ഓഫീസർ കൺവീനറായും ഒരു മോണിറ്ററിംഗ് കമ്മിറ്റി കൂടി ഇതിനുണ്ടാകും. പ്രാദേശിക കൊപ്ര സംഭരണ/ സംസ്കരണത്തിനുള്ള സഹകരണ സംഘങ്ങളെ സംസ്ഥാനതല സംഭരണ ഏജൻസികളായ കേരഫെഡ്, മാർക്കറ്റ് ഫെഡ് എന്നിവർ ജില്ലാതല മോണിറ്ററിങ് കമ്മിറ്റിയുടെ അനുമതിയോടെ പ്രാദേശികമായി തെരഞ്ഞെടുക്കുന്നതായിരിക്കും. കൊപ്രയുടെ താങ്ങുവിലയായി കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന വിലയായ 105 രൂപ 90 പൈസ ആയിരിക്കും കർഷകർക്ക് ലഭ്യമാകുന്നത്. കർഷകർ ഇതിനായി നാഫെഡ് ഇ- സമൃദ്ധി പോർട്ടലിൽ സംഭരിക്കുന്ന സൊസൈറ്റികൾ മുഖേനെ രജിസ്റ്റർ ചെയ്യേണ്ടത് അത്യാവശ്യമാണ്. പച്ച തേങ്ങ കൊപ്രയാക്കാൻ ഭൗതിക സാഹചര്യങ്ങൾ ലഭ്യമല്ലാത്ത കർഷകരിൽനിന്നും പ്രാദേശിക സഹകരണ സംഘങ്ങൾ തൊണ്ട് കളഞ്ഞ പച്ചത്തേങ്ങ സംഭരിച്ച് കൊപ്രയാക്കി സംഭരണ ഏജൻസികൾക്ക് കൈമാറുന്നതായിരിക്കും. ജലാംശത്തിന്റെ അളവ് ആറ് ശതമാനത്തിൽ താഴെ നിർത്തി മില്ലിങ് എഫ് എ ക്യൂ നിലവാരത്തിൽ ഉള്ളതും മറ്റു ഗുണമേന്മകൾ കൂടി പരിഗണിച്ചുകൊണ്ടുള്ള കൊപ്രയായിരിക്കും നാഫെഡ് സംഭരിക്കുക. കർഷകർ ബന്ധപ്പെട്ട കൃഷി ഓഫീസിൽ നിന്നും ആവശ്യമായ സർട്ടിഫിക്കറ്റ് കൂടി സംഭരണ കേന്ദ്രത്തിൽ ഹാജരാകേണ്ടതാണ്.

# റബ്ബർ നിയമ ഭേദഗതി രാജ്യത്തെ കർഷകരെ സംരക്ഷിക്കുന്ന തരത്തിലാകണം : കൃഷി മന്ത്രി പി.പ്രസാദ്

രാജ്യത്തെ റബ്ബർ കർഷകരുടെ ആത്മവിശ്വാസം തകർക്കുന്ന തരത്തിലുള്ള റബ്ബർ നിയമത്തിലെ കരട് ഭേദഗതികൾ പുനഃപരിശോധിക്കണമെന്ന് കൃഷി മന്ത്രി പി. പ്രസാദ് കേന്ദ്രത്തോട് ആവശ്യപ്പെട്ടു. റബ്ബർ കൃഷിയെ വ്യവസായവത്കരിക്കുന്നത് ഭൂരിഭാഗം വരുന്ന ചെറുകിട-നാമമാത്ര കർഷകരെ പ്രതികൂലമായി ബാധിക്കുമെന്ന് കേന്ദ്രമന്ത്രി പിയൂഷ് ഗോയലിനയച്ച കത്തിൽ കൃഷി മന്ത്രി ചൂണ്ടിക്കാട്ടി.

ഭേദഗതി ബില്ലിലെ കരട് നിർദ്ദേശങ്ങളിൽ റബ്ബർ ബോർഡിന്റെ ഘടന തന്നെ മാറപ്പെടുന്നതും പ്രമുഖ റബ്ബർ ഉത്പാദക സംഘങ്ങളിലെ കർഷകർക്കും അതാത് സർക്കാരുകൾക്കും ബോർഡിലെ പ്രാതിനിധ്യം തന്നെ നഷ്ടപ്പെടുന്നതുമാണ്. ഏറെ ആശങ്കാജനകമായ കാര്യം നയപരമായ കാര്യങ്ങളിൽ കേന്ദ്രം ബോർഡിന്റെ അഭിപ്രായമാരാഞ്ഞ് തീരുമാനമെടുക്കാനുള്ള സാഹചര്യം തന്നെ നഷ്ടപ്പെടുമെന്നതാണ്.



1947 ലെ റബ്ബർ ആക്ടിൽ നിന്നും പുതിയ ഭേദഗതി പ്രകാരം റബ്ബർ കൃഷി, കൃഷി-അനുബന്ധ മേഖലയിൽ നിന്ന് മാറി വ്യവസായിക മേഖലയിലേക്കാകുമെന്നതാണ്. ഇതിലൂടെ കർഷകർ എന്ന വ്യാഖ്യാനം തന്നെ ഇല്ലാതാകും. ഇത് കർഷകർക്ക് താങ്ങാവുന്ന ഒന്നായിരിക്കില്ല. കാർഷിക ആവശ്യത്തിനെടുക്കുന്ന വായ്പകൾക്ക് പോലും യഥേഷ്ടം നിയമപ്രകാരം നടപടികൾ എടുക്കുന്നതിനും കർഷകർക്കുള്ള ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്നതിനും ഇടയാക്കും.

പ്ലാന്റേഷൻ തൊഴിൽ മേഖലയിൽ നിരവധി നിയമങ്ങൾ ഉള്ള കേരളത്തെപ്പോലെയുള്ള സംസ്ഥാനത്ത് റബ്ബർ മേഖലയിലെ പുതിയ കേന്ദ്ര സർക്കാർ നിയമം കൊണ്ടുവരുന്നത് ഭരണഘടനാപരമായ തടസ്സങ്ങൾക്കും ഇടയാക്കും.

ബോർഡിൽ മൂന്നിലൊന്ന് പ്രാതിനിധ്യം കർഷകർക്കായിരിക്കണമെന്നും. പ്രധാന റബ്ബർ ഉത്പാദകരായ കേരളത്തിനു മതിയായ പ്രാതിനിധ്യം ബോർഡിൽ ഉണ്ടാകണമെന്നും മന്ത്രി ആവശ്യപ്പെട്ടു. 2009 ലെ റബ്ബർ (ഭേദഗതി) നിയമപ്രകാരം കൃഷി വകുപ്പിന് ലഭിച്ചിരുന്ന പ്രാതിനിധ്യവും പുതിയ ബില്ലിൽ റദ്ദ് ചെയ്യപ്പെട്ടിരിക്കുകയാണ്.

റബ്ബർ മേഖലയ്ക്കായി ഉപയോഗിക്കപ്പെടുന്ന ഫണ്ടിന്റെ 30 ശതമാനമെങ്കിലും സബ്സിഡിക്കും ഉത്പാദന ബോണസിനുമായി മാറ്റിവയ്ക്കപ്പെടണമെന്നത് സംസ്ഥാനത്തിന്റെ ഒരു പ്രത്യേക അഭ്യർത്ഥനയായി പരിഗണിക്കണമെന്നും മന്ത്രി ആവശ്യപ്പെട്ടു. താങ്ങുവില ഉറപ്പാക്കുന്നതിനും ബില്ലിൽ പരാമർശമുണ്ടാകണം. ഇറക്കുമതി ചെയ്യപ്പെടുന്ന റബ്ബറിന്റെ ഗുണനിലവാരത്തെക്കുറിച്ച് യാതൊരു പരാമർശവും ബില്ലിൽ ഇല്ലാത്തത് കർഷകർക്ക് ഇരുട്ടടിയാകും. റബ്ബർ മാത്രമല്ല, റബ്ബർ ഉത്പന്നങ്ങളുടെ ഇറക്കുമതിക്കും നിബന്ധനകൾ ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. 13 ലക്ഷത്തോളം വരുന്ന കർഷകരുടെ ഉപജീവനമാർഗ്ഗമാണ് റബ്ബർ കൃഷി. ഈ ചെറുകിട നാമമാത്ര കർഷകരെ സംരക്ഷിക്കുന്ന തരത്തിലാകണം ബില്ലിലെ ഭേദഗതികൾ വരേണ്ടതെന്നും മന്ത്രി ആവശ്യപ്പെട്ടു. ബില്ലിൽ പൊതുതാത്പര്യപ്രകാരം ഭേദഗതി വരുത്തേണ്ട 13 നിർദ്ദേശങ്ങളും മന്ത്രി കേന്ദ്രത്തെ അറിയിക്കുകയുണ്ടായി.

# കേരഗ്രാമം പദ്ധതിക്ക് താനാളൂർ ഗ്രാമ പഞ്ചായത്തിൽ തുടക്കമായി

നാളികേരത്തിന്റെ ഉത്പാദനവും ഉത്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പും, സംസ്ഥാന ഹോർട്ടികൾച്ചർ മിഷനും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും കാർഷിക ഗവേഷണ സ്ഥാപനങ്ങളും വിവിധ ഏജൻസികളുടെ സഹായ സഹകരണത്തോടെ നടപ്പിലാക്കി വരുന്ന കേരഗ്രാമം പദ്ധതിക്ക് താനാളൂർ ഗ്രാമ പഞ്ചായത്തിൽ തുടക്കമായി. താനാളൂർ നെല്ലിക്കൽ ഓഡിറ്റോറിയത്തിൽ വച്ച് നടന്ന പരിപാടി തെങ്ങിൻ തൈ നട്ടുകൊണ്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മന്ത്രി ശ്രീ. പി.പ്രസാദ് ഉദ്ഘാടനം ചെയ്തു.



മനുഷ്യരാശിയുടെ കണ്ടുപിടിത്തങ്ങളിൽ സുപ്രധാനമാണ് കൃഷിയുടെ കണ്ടുപിടിത്തമെന്നും,കർഷകരെ ഒഴിവാക്കി ഒരിക്കലും നമുക്ക് ജീവിക്കാൻ സാധ്യമല്ലെന്നും ഉദ്ഘാടന പ്രസംഗത്തിൽ മന്ത്രി പറഞ്ഞു അന്യസംസ്ഥാനങ്ങളിലെ പച്ചക്കറി വാഹനങ്ങളെ കാത്തിരിക്കുന്ന അടുക്കള ആകരുത് നമ്മുടേതെന്നും നമുക്ക് ആവശ്യമായ പച്ചക്കറികൾ ഉത്പാദിപ്പിക്കാൻ ഉള്ള മനസ്സുണ്ടാകണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

താനാളൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ. പി സൽമത്ത് പച്ചകറി തൈകളുടെ വിതരണം നടത്തി. താനാളൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ. എം മല്ലിക അധ്യക്ഷയായി.

പരിപാടിയോടനുബന്ധിച്ച് കർഷക സെമിനാർ, കാർഷിക യന്ത്രങ്ങളുടേയും കേര ഉത്പന്നങ്ങളുടേയും പ്രദർശനം, വിവിധ കാർഷികോപകരണ വിതരണം, ഇടവിള കിറ്റ് പച്ചക്കറിതൈ വിതരണം, മുതിർന്ന കർഷകനെയും, കർഷക തൊഴിലാളിയേയും ചടങ്ങിൽ ആദരിക്കൽ എന്നിവ ഉണ്ടായിരുന്നു.

താനാളൂർ ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. വി.അബ്ദുറസാഖ്,ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീ. വി.കെ.എം.ഷാഫി വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി. അമീറ കുനിയിൽ, മലപ്പുറം കാർഷിക ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി. സൂസമ്മ ജോർജ്, മലപ്പുറം കാർഷിക ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. മാത്യു ജോർജ്, പൊൻമുണ്ടം കാർഷിക അസിസ്റ്റൻറ് ഡയറക്ടർ ശ്രീമതി. സൈഫുന്നീസ് ടി.കെ, കൃഷി ഓഫീസർ ശ്രീമതി. ശിൽപ, പൊതുപ്രവർത്തകർ പഞ്ചായത്ത് തല കേരസമിതി പ്രസിഡണ്ട് ശ്രീ. സി. പ്രഭാകരൻ, സെക്രട്ടറി ശ്രീ. ബഷീർ കളത്തിൽ എന്നിവർ പങ്കെടുത്തു.

# വളവന്നൂർ കുത്തരിയുടെ ആദ്യവിൽപ്പന മന്ത്രി ശ്രീ. പി. പ്രസാദ് ഉദ്ഘാടനം ചെയ്തു

നാളികേര കൃഷിയുടെ ഉൽപ്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിച്ച് കേരകർഷകരുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി, സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന കേരഗ്രാമം പദ്ധതിയുടെ ഉദ്ഘാടനവും വളവന്നൂർ കുത്തരിയുടെ ആദ്യ വിൽപനയും വളവന്നൂർ കൃഷിഭവൻ പരിസരത്ത് വെച്ച് കൃഷിവകുപ്പ് മന്ത്രി ശ്രീ. പി, പ്രസാദ് നിർവ്വഹിച്ചു. പരിപാടിയിൽ തിരൂർ നിയോജക മണ്ഡലം എം.എൽ.എ. ശ്രീ. കുറുക്കോളി മൊയ്തീൻ അദ്ധ്യക്ഷത വഹിച്ചു

നാളികേര ഉൽപാദനത്തിൽ നാം ഇനിയും മുന്നേറേണ്ടതുണ്ട്.കേരഗ്രാമം പദ്ധതിയിലൂടെ നാളികേരത്തിന്റെ ഉത്പാദനം ഗണ്യമായി വർധിപ്പിക്കാൻ കഴിയും. നാളികേര കർഷകർക്കു ഗുണപ്രദമാകുന്ന എല്ല കാര്യങ്ങളും ഗവൺമെന്റ് ചെയ്യുന്നുണ്ട്. സംഭരണം, സംസ്കരണം, വിപണനം എന്നീ കാര്യങ്ങളിൽ ഊന്നികൊണ്ടു പ്രവർത്തനം വിപുലമാക്കേണ്ടതുണ്ട്. നാളികേരത്തിൽ നിന്ന് വിവിധ ഉൽപന്നങ്ങളുടെ നിർമ്മാണവും ബ്രാന്റിങ്ങും ചെയ്യണം. കൃഷി ഭവനുകൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, എഫ്.പി.ഒ കൾ തുടങ്ങി എല്ലാ സംവിധാനങ്ങളെയും ഇതിനായി പ്രയോജനപ്പെടുത്തണം.

കൃഷിക്കാരനു മെച്ചപ്പെട്ട സേവനം ലഭ്യമാക്കുക, വരുമാന വർധനവ് ഉണ്ടാക്കുക എന്നിവയാണ് സർക്കാർ ലക്ഷ്യം. എന്നും മന്ത്രി അഭിപ്രായപ്പെട്ടു.




നാളികേര ഉൽപാദനക്കുറവും, രോഗ-കീട അക്രമണവും, വിലയിടിവും മൂലം പ്രതിസന്ധിയിലായ നാളികേര കർഷകർക്ക് സംയോജിത വളപ്രയോഗത്തിലൂടെയും രോഗ-കീട നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിച്ചുകൊണ്ടും നാളികേര ഉൽപാദനം വർധിപ്പിക്കുന്നതിനോടൊപ്പം ഇടവിള കൃഷി പ്രോത്സാഹിപ്പിച്ച് കർഷകരുടെ വരുമാനവും ജീവിത നിലവാരവും ഉയർത്തുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു.

പച്ചതേങ്ങാ സംഭരണം എല്ലാ ജില്ലകളിലും ഉടൻ തന്നെ വിപുലപ്പെടുത്തും. തേങ്ങാ സംഭരണത്തിനായി ആവശ്യമെങ്കിൽ പ്രത്യേക സംഭരണ വാഹന സൗകര്യം എല്ല ജില്ലകളിലും ഉണ്ടാക്കും. കേരകർഷകർക്ക് ഉണ്ടാകുന്ന എല്ലാ ബുദ്ധിമുട്ടുകളും സമയ ബന്ധിതമായി പരിഹരിക്കാനുള്ള മുന്നൊരുക്കങ്ങൾ പൂർത്തിയാക്കിയതായി മന്ത്രി അറിയിച്ചു.

ചടങ്ങിൽ വളവന്നൂർ ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പി.സി. നജ്മത്ത് സ്വഗതം പറഞ്ഞു.തിരൂർ നിയോജക മണ്ഡലം എം.എൽ.എ ശ്രീ. കുറുക്കോളി മൊയ്തീൻ അധ്യക്ഷം വഹിച്ചു. മലപ്പുറം പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീമതി. ആർ.രുഗ്മിണി പദ്ധതി വിശദീകരണം നടത്തി. കൃഷി ഡെപ്യൂട്ടി ഡയറക്ടർമാരായ ശ്രീമതി. സൂസമ്മ ജോർജ്, ശ്രീ. മാത്യു ജോർജ്, പൊന്മുണ്ടം കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി. സൈഫുന്നീസ ടി.കെ., ജില്ലാ പഞ്ചായത്ത് മെമ്പർമാരായ ശ്രീമതി. നബീസ അസീസ്, ശ്രീമതി. ശ്രീദേവി പ്രാക്കുന്നത്ത്, താനൂർ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. പി.സി.അഷറഫ്, വളവന്നൂർ ഗ്രാമപ്പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. എ.കെ. മുജീബ് റഹ്മാൻ, മറ്റു ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ എന്നിവർ ആശംസകൾ അറിയിച്ചു. വളവന്നൂർ കൃഷി ഓഫീസർ ശ്രീ. പി.എസ്.ശരത്ത് നന്ദി പറഞ്ഞു.

# പറങ്കിയുടെ ജാക്ക, തെലുങ്കന്റെ പനസ, കന്നടയിൻ ഹാലാസു, തമിഴന്റെ പലാപ്പഴം, എന്റെ പ്രിയ ചക്ക – ചരിത്രം

**എസ്. ശരത്ചന്ദ്രകുമാർ**
ഡപ്യൂട്ടി ഡയറക്ടർ, ഫാം ഇൻഫർമേഷൻ ബ്യൂറോ

വിശക്കുന്ന വയറുകൾക്ക പശ്ചിമഘട്ട മലനിരകളുടെ വരദാനം, ക്ഷാമകാലത്ത് ജഠരാഗ്നിയെ പിടിച്ചു നിർത്തിയ സ്വർഗീയ വരം, ഇന്ന് കേരളത്തിന്റെ ഔദ്യോഗിക ഫലം. അതത്രേ ചക്ക.

ഏത് ധൂസര സങ്കൽപ്പത്തിൽ വളർന്നാലും ഏത് യന്ത്ര വത്കൃത ലോകത്തിൽ പുലർന്നാലും പഴുത്ത വരിക്കച്ചക്കയുടെ മണവും ചക്ക എരിശ്ശേരിയുടെ ഗുണവും മലയാളി മറക്കില്ല, മറക്കാൻ കഴിയില്ല.

ചക്ക ഇന്ന് പഴയ ചക്കയല്ല. കർണാടകത്തിലെ തുംകൂറിൽ ഹിരേഹള്ളി ഗ്രാമത്തിലെ പരമേശ്വരയ്യ് അച്ഛൻ നട്ട ഒരു പ്ലാവിൽ നിന്നും ഉള്ള തൈകൾ വിൽക്കാൻ ഇതുവരെ കിട്ടിയ ഓർഡർ ഒരു ലക്ഷം. ഒരു തൈയ്യുടെ വില ഇരുനൂറ് രൂപ . വിറ്റ തൈകൾ ഇത് വരെ തന്ന മധുരം ലക്ഷങ്ങൾ , വിൽക്കാൻ ഉള്ളവ തരാൻ പോകുന്ന മധുരം ദശലക്ഷങ്ങൾ....

ഒരു പ്ലാവ്.. ഒരു പ്ലാവ് മതി ജീവിതം മാറ്റി മറിക്കാൻ.

ബാംഗ്ലൂരിലെ ഇന്ത്യൻ

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോർട്ടികൾച്ചറൽ റിസർച്ച് ന്റെ സഹായത്തോടെ 'ശങ്കര'യും 'സിദ്ദു'വും വിറ്റു പോകുന്നത് ചൂടപ്പം പോലെ. രണ്ടര- മൂന്ന് കിലോ വരുന്ന ചക്കകൾ. ശരാശരി 25-30ചുളകൾ. ചെന്തീക്കനലിനെ വെല്ലുന്ന ദശക്കട്ടിയുള്ള, നാവിൽ തരിപ്പിക്കുന്ന മധുരം പകരുന്ന ശരാശരി 25 ഗ്രാമോളം തൂക്കം വരുന്ന ചുളകൾ. ആനന്ദ ലബ്ധിക്കിനിയെന്തു വേണം...

ചക്ക മുറിച്ചാൽ എന്താണ് ബാക്കി?. ഒന്നുല്ല്യ..

ചക്കയരക്കു വരെ ഒരു കാലത്ത് പഴയ ഓട്ടുപാത്രങ്ങളുടെ ദ്വാരങ്ങൾ അടയ്ക്കാൻ ഉപയോഗിച്ചിരുന്നു.

ചക്ക മുള്ളു ഉണക്കിയത് നല്ല ദാഹശമനി.

പിഞ്ചു ഇടിച്ചക്ക മുതൽ പഴുത്ത തേൻ വരിക്ക വരെ ഇത്രമേൽ മനുഷ്യനെ ഊട്ടിയ മറ്റൊരു ജൈവ ഫലം ഉണ്ടോ?

ആരാണ് പ്ലാവിൽ കീടനാശിനികൾ അടിക്കാറുള്ളത്? ആരുല്ല്യ.. അതായത് 'Organic by default'.

അധികമായാൽ ചക്കയും വിഷം, മാങ്ങയും വിഷം. പേടിക്കേണ്ട മരുന്ന് ഉണ്ട്. *ചക്കയ്ക്ക് ചുക്ക്, മാങ്ങയ്ക്ക് തേങ്ങ*. ഈ ലോകത്ത് ഏത് പൂട്ടിനും ഉള്ള താക്കോലും അവിടെ തന്നെ ഉണ്ടാകും.

*മുള്ളുണ്ട്, മുരിയ്ക്കല്ല*
*പാലുണ്ട്, പശുവല്ല*
*വാലുണ്ട്, വാനരനല്ല*
*നൂലുണ്ട്, പട്ടമല്ല*
അതാണ്ടടാ ചക്ക.

ഒരു ചക്ക എന്നാൽ ഒരു പഴമല്ല. ഒരു നൂറു പഴങ്ങളാണ് .

Multiple fruit എന്ന് പറയും. ഓരോ ചക്ക ചുളയും ഓരോ പൂവാണ്. അത് ഞെങ്ങി ഞെരുങ്ങി ഇരിക്കുന്നു എന്ന് മാത്രം. അവയിൽ ശരിയാം വണ്ണം പരാഗണം നടന്നില്ല എങ്കിൽ ചുളകളുടെ എണ്ണം കുറയും, ചകിണി കൂടും, ചക്കയ്ക്ക് നല്ല ആകൃതിയും ഉണ്ടാകില്ല.

മൾബെറി പഴത്തിന്റെ കുടുംബക്കാരൻ ആണ് ചക്കയും. 'Moraceae' കുടുംബം.

വൃശ്ചിക മാസത്തിൽ കളയിടും. ചിലയിടങ്ങളിൽ പോളയിടുക എന്നും പറയും. പ്ലാവ് പൂത്തു എന്ന് ആരും പറയാറില്ല. പറഞ്ഞാൽ കിളി പോയ ടീമാണോ എന്ന് ആരും ഒന്നു നോക്കും.

പണ്ട് വീടുകളിലെ ഡിസ്പോസബിൾ സ്പൂൺ ആയിരുന്നു, പ്ലാവില കോട്ടിയത്. അതിലൂടെ ചൂട് കഞ്ഞിക്കൊപ്പം കുറെ ഹരിതകവും ഫ്ളാവനോയിഡ് കളും കിട്ടുമ്പോൾ വായുകോപം ഉണ്ടാകുമായിരുന്നില്ല. ഇളം പ്ലാവില കൊണ്ട് നല്ല തോരനും



ഉണ്ടാക്കാം.

പ്രമേഹികൾക്ക പച്ചച്ചക്ക പോലെ പിന്നെ വേറെ എന്തുള്ളൂ.. ഇൻസുലിൻ ഉൽപ്പാദനം മെച്ചപ്പെട്ടുമെന്ന് പുതുഗവേഷക മൊഴികൾ , അതോടെ ചക്ക സൂപ്പർ താരമായി. "Jackfruit 365" ആയി, "Artocarpus" ആയി, "start up" ആയി.

ലോകത്തെ പ്രമേഹ തലസ്ഥാനക്കാരാണല്ലോ നമ്മൾ.

*ചക്ക തിന്നുന്തോറും പ്ലാവ് വയ്ക്കാൻ തോന്നും*. നല്ല പ്ലാവിൻ തടിയുടെ കാതൽ ആണ് മുൻ തലമുറയെ മോഹിപ്പിച്ചിരുന്നത്.കിഴക്കിന്റെ ഓക്ക് എന്നും പ്ലാവിൻ തടി അറിയപ്പെടുന്നു. സായിപ്പിന്റെ ഫർണിച്ചർ ഓക്ക് മരം കൊണ്ടാണല്ലോ.

നല്ല തണൽ വൃക്ഷം. കുരുമുളക് പടർത്താം. ആടിന് ഏറെ പ്രിയമുള്ള തോൽ ആണ്. ഉണങ്ങിയ ഇലകൾ പോലും പെറുക്കി കൊടുത്താൽ ആടിന് അത് ഷവർമ.

വനവാസ കാലത്ത് പാണ്ഡവർ നില നിന്നത് ചക്ക കഴിച്ചാണെന്ന് മഹാകവി കുഞ്ചൻനമ്പ്യാർ . ഭീമനൊക്കെ ചില്ലറ അല്ലല്ലോ തീറ്റ.

ചക്ക ചോറും കാളൻ കറിയും ചക്കച്ചകിണിയും

അല്ലാതിക്കഞ്ഞുങ്ങൾക്കേതു സുഖ ഭോജനമികാലങ്ങളിലിതല്ലാതെ (ഹിഡിംബ വധം ).

ഇന്നലെയല്ലേ ഇവൻ നമ്മുടെ ഔദ്യോഗിക ഫലം ആയത്. പക്ഷെ എന്നേ ഇയാൾ തമിഴന്റെ ഔദ്യോഗിക ഫലമാണ്. ബംഗ്ലാദേശിന്റെ ദേശീയ ഫലമാണ്.

'കായേം ചേനേം മുമ്മാസം
ചക്കേം മാങ്ങേം മുമ്മാസം
താളും തകരേം മുമ്മാസ്സം
അങ്ങനേം ഇങ്ങനേം മുമ്മാസ്സം'

ഇതായിരുന്നു ഒരു കാലത്ത് മലയാളിയുടെ അതിജീവന തന്ത്രം. ആ നമ്മൾ, അല്പം വൈകിയാണ് ചക്കയോട് നീതി കാണിച്ചത്.

പ്ലാവ് നിറയെ ചക്ക
വീട് നിറയെ കുട്ടികൾ. ചക്ക കഴിച്ചാൽ സന്താന ഉൽപ്പാദന ശേഷി കൂട്ടും എന്നും ചിലർ.

ഇടിച്ചക്ക, കൊത്തൻ ചക്ക, പച്ചച്ചക്ക, ചക്കപ്പഴം ഇതാണ് ചക്കയുടെ ടൈം ലൈൻ. പിന്നെ ചക്ക മടലും ചകിണിയും പശുവിന്. പൂഞ്ഞു അഥവാ കുഞ്ഞുമസാലക്കറിയോട് ഇറച്ചി പോലും തോൽക്കും. വിയറ്റ്നാമിൽ ചക്ക "Tree Mutton" എന്നർഥമുള്ള "Gaach Patha" ആണ്.

ചക്ക തിന്ന ചൊരുക്ക് തീർക്കാൻ ചക്കക്കുരു എന്നാണല്ലോ.

ചക്കക്കുരു ചുട്ടതും മെഴുക്ക പുരട്ടിയതും മഴക്കാലത്ത് ഊർജ്ജദായകമായ സ്നാക്സ്.

ചിലർ മുറിയാത്ത (കേടില്ലാത്ത) ചക്കക്കുരു മൺ കുടത്തിലിട്ടു പഞ്ഞക്കർക്കിടക കാലത്തേക്ക് കരുതിവയ്ക്കും.

ചക്കക്കുരു അരച്ച് പാലിൽ ചേർത്ത് മുഖത്ത് പുട്ടിയിട്ടാൽ സൗന്ദര്യം വർദ്ധിക്കുമെന്നറിയാമോ?

ചക്കേ നീ തങ്കപ്പൻ അല്ല, പൊന്നപ്പനാ....

വർഷം രണ്ടായിരം കോടിയുടെ ചക്ക പാഴാക്കുന്ന സാക്ഷര വിഡ്ഢിയാണ് മലയാളി. ഒരു വർഷം 50000 ടൺ (കണക്ക് അത്ര ശരിയാകണമെന്നില്ല) ചക്ക വാളയാർ ചുരം കടന്നു പോകുന്നു. അതും പൂർണമായും ജൈവ രീതിയിൽ ഉൽപ്പാദിപ്പിച്ചത്.പകരം വിഷത്തിൽ ആറാടിയ പച്ചക്കറി പകരം വാങ്ങുന്നു. ബുദ്ധിമാൻ ആണത്രേ. ബുദ്ധിമാൻ. ചക്ക ഒന്നിന് മലയാളിക്ക് കിട്ടുന്നത് പത്തോ പതിനഞ്ചോ രൂപ മാത്രം.

ചക്കയുടെ കാര്യത്തിൽ *വയ്ക്കാൻ വേറെ*, *വറക്കാൻ വേറെ* എന്നാണ്.

വളരെ അധികം ഇന വൈവിധ്യം ഉള്ള വിളയാണ് ചക്ക.

വരിക്ക തന്നെ എത്ര തരം. കൂഴയിലും ഉണ്ട് ഇനസമൃദ്ധി.

വലിപ്പത്തിലും ചുളയുടെ നിറത്തിലും, കട്ടിയിലും മണത്തിലും ഒക്കെ ഉള്ള വൈജാത്യങ്ങൾ.

ചെറിയ രുദ്രാക്ഷ വരിക്ക, തേൻ വരിക്ക, മുട്ടം വരിക്ക, സിലോൺ വരിക്ക, ചെമ്പരത്തി വരിക്ക, പാലൂർ, പേച്ചിപ്പാറ അങ്ങനെ നാടൻമാരും വിയറ്റ്നാം സൂപ്പർ ഏർളി, ഡാങ് സൂര്യ, അരക്കില്ലാത്ത ഗംലെസ്സ്, സിന്ദൂർ, സിദ്ദു, ശങ്കര, അങ്ങനെ രുചി രാജാക്കന്മാരും.

എല്ലാ ചക്കയും ചിപ്സിനു കൊള്ളില്ല. ഇടത്തരം കട്ടിയുള്ള നീണ്ട ചുളകൾ ഉള്ള സവിശേഷ ഇനങ്ങൾ പല വീടുകളിലും ഉണ്ട്. അതിനായി പ്രത്യേകം ഇനങ്ങൾ ഉരുത്തിരിച്ചു എടുക്കണം.

ചക്ക മാത്രമല്ല തടിയിലും കൂടി ആണ് കണ്ണ് എങ്കിൽ കുരു തന്നെ കിളിപ്പിച്ചു നടണം.

*ആദി, പാതി, ഞാലി, പീറ്റ* എന്ന് പഴമൊഴി.

പ്ലാവിൽ ആദ്യ ചക്കയിൽ നിന്നും തെങ്ങിൽ മധ്യ മൂപ്പു ഉള്ള മാതൃ വൃക്ഷത്തിൽ നിന്നും വെറ്റില കൃഷിയിൽ ഞാലി വള്ളികളും കവുങ്ങിൽ പ്രായം ചെന്ന മരത്തിൽ നിന്നും വേണം വിത്ത് ശേഖരിക്കാൻ എന്നത്രേ. ഇനി ചക്കക്കുരു കുഴിച്ചിടുന്ന ആൾ അത് എങ്ങനെ ചെയ്യണം എന്നും പറയുന്നുണ്ട്.

*എണ്ണ തേച്ച്*
*കുളിച്ച്*
*വയർ നിറച്ചുണ്ട്*
*മുറുക്കാൻ ചോപ്പിച്ച്*
*കൊമ്പത്തെ ചക്കയുടെ കടയ്ക്കലെ കുരു നടണം* എന്ന്.

മധുരം... ദീപ്തം.. ആഹാ....

ഇടുക്കി, വയനാട് പോലെ ഉള്ള ഉയർന്ന പ്രദേശങ്ങളിൽ വർഷത്തിൽ ഏതാണ്ട് ഒൻപതു മാസത്തോളം ചക്ക ലഭ്യമാകും. സമതലങ്ങളിൽ ജനവരി മുതൽ ജൂലൈ വരെ ഒക്കെ കിട്ടും. പക്ഷെ മഴ തുടങ്ങിയാൽ ചക്കയുടെ രുചിയും മധുരവും കുറയും. മഴയ്ക്ക് മുൻപേ ചക്ക പാകമായാൽ രക്ഷപ്പെട്ടു.

ഇനി കൃഷി രീതികളിലേക്ക് വരാം.

പ്ലാവ് ഒരു ട്രോപ്പിക്കൽ എവർ ഗ്രീൻ വൃക്ഷമാണ്.ആയതിനാൽ തന്നെ ഇന്ത്യ, ശ്രീലങ്ക, ബംഗ്ലാദേശ്, വിയറ്റ്നാം, മലേഷ്യ, ഇന്തോനേഷ്യ, ഫിലിപ്പൈൻസ്, കംബോഡിയ എന്നിവിടങ്ങളിൽ വ്യാപകമായി കൃഷി ചെയ്യുന്നു.

നല്ല വെയിൽ, നല്ല മഴ. ശറപറാ ചക്ക പിടിക്കും. ജൈവ കൃഷിയ്ക്ക് ഏറ്റവും അനുയോജ്യം.

തുറസ്സായ,സമൃദ്ധമായ സൂര്യ പ്രകാശം കിട്ടുന്ന സ്ഥലം തന്നെ വേണം. അത് ഉറപ്പ് വരുത്താതെ തൈകളെ കുറ്റം പറഞ്ഞിട്ട് ഒരു കാര്യവും ഇല്ല.

പുതിയ ഇനങ്ങൾ ആണ് നടുന്നത് എങ്കിൽ 4mx4m അകലത്തിൽ 1മീറ്റർ നീളം, വീതി, ആഴം ഉള്ള കുഴികൾ എടുത്തു, മേൽമണ്ണ് തിരികേ കുഴികളിൽ നിക്ഷേപിച്ചു അതിൽ ചാണകപ്പൊടി, എല്ലുപൊടി, വേപ്പിൻ പിണ്ണാക്ക്, ചകിരി ചോറ് കമ്പോസ്റ്റ്, മണ്ണ് എന്നിവ മിക്സ് ചെയ്തു നിറച്ചു കുഴി മൂടി അതിൽ ഒരു പിള്ളക്കുഴി എടുത്തു തന്നെ വേണം തൈകൾ നടാൻ.

വെള്ളം കെട്ടി നിൽക്കരുത് ചെടിച്ചുവട്ടിൽ.

മഴക്കാലം കഴിഞ്ഞാൽ തടം വി

സ്ഥാരത്തിൽ ഉറന്ന് നല്ല വണ്ണം കരിയിലകൾ കൊണ്ട് പുതയിടണം.

ആവശ്യത്തിന് നനയ്ക്കണം .

വിയറ്റ്നാം ഏര്ളി പോലെ ഉള്ള ഇനങ്ങൾ ഒന്നര കൊല്ലം കൊണ്ട് തന്നെ കായ്ച്ച് തുടങ്ങും.

സിലോൺ വരിക്കയും നേരത്തെ കായ്ക്കുന്ന ഇനമാണ്.

എങ്കിലും ചെടിയുടെ ആരോഗ്യം പ്രമാണിച്ച് മൂന്ന് കൊല്ലത്തിനു ശേഷം കായ്ക്കാൻ വിടുന്നതാണ് ഉത്തമം.

വലിയ കീട രോഗങ്ങൾ ഇപ്പോൾ ഇല്ല. കൃഷി വ്യാപകമായി ആകുന്നതോടെ പുതിയ അവതാരങ്ങൾ വരും. തണ്ട് തുരക്കുന്ന വണ്ടുകളെ ശ്രദ്ധിക്കണം. കായ്കൾക്ക് ഫംഗസ് മൂലമുള്ള അഴുകലും കണ്ടു തുടങ്ങിയിട്ടുണ്ട്.

7-15 കൊല്ലം പ്രായമുള്ള പ്ലാവുകൾ 50 ചക്കയോളം തരും, കൃത്യമായ പരിചരണം ഉണ്ടെങ്കിൽ.

ഒരു ഞെട്ടുപ്പിൽ രണ്ടിലധികം ചക്കകൾ ഉണ്ടെങ്കിൽ വലിപ്പം കുറഞ്ഞവ നീക്കം ചെയ്യുന്നത് മറ്റുള്ളവയുടെ വളർച്ചയ്ക്ക് നല്ലതാണ്.

ശിഖരങ്ങൾ മുറിച്ച് നിർത്തുന്നത് പ്ലാവിൽ വ്യാപകമല്ല. എങ്കിലും തടികളിൽ സൂര്യ പ്രകാശം പതിയത്തക്ക രീതിയിൽ ശിഖരങ്ങൾ ക്രമീകരിക്കുന്നത് കൂടുതൽ വിളവ് കിട്ടാൻ സഹായകം.

നട്ട് ഓരോകൊല്ലവും 75ഗ്രാം വീതം നൈട്രജൻ, 60ഗ്രാം ഫോസ്ഫറസ്, 50ഗ്രാം പൊട്ടാസിയം എന്നിവ കിട്ടത്തക്ക രീതിയിൽ വർഷത്തിൽ ഒന്നോ രണ്ടോ തവണകളായി വളം കൊടുക്കാം

അങ്ങനെ 8 കൊല്ലം കഴിഞ്ഞാൽ 600ഗ്രാം നൈട്രജൻ, 480ഗ്രാം ഫോസ്ഫറസ്, 400ഗ്രാം പൊട്ടാസ്യം എന്നിവ കിട്ടത്തക്ക രീതിയിൽ തുടർന്നങ്ങോട്ട് എല്ലാ കൊല്ലവും വളം നൽകാം. കായ്കൾ വെടിച്ച് കീറുന്നു എങ്കിൽ വർഷത്തിൽ ഒരിക്കൽ 50-100ഗ്രാം ബോറാക്സും നൽകാം. വെടി കുന്നെങ്കിൽ മാത്രം. ഒപ്പം 50 കിലോ അഴുകി പൊടിഞ്ഞ ചാണക പൊടിയും അതിന്റെ തന്നെ കരിയിലകളും പുതയായി നൽകാം.

വാൽകഷ്ണം :പ്ലാവിൻ തോട്ടങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന തമിഴ് നാട്ടിലെ സ്ഥലമാണ് പൺറുട്ടി. പളാപ്പള ഗ്രാമം. കടലൂരിനും നെയ്‌വേലിക്കും ഇടയിലാണ് പൺറുട്ടി. ഇവിടെ കേരളത്തിന്റെ മൂന്നിൽ ഒന്ന് മഴയെ ഉള്ളൂ അതും പല മാസങ്ങളിലായി പെയ്യുന്നതിനാൽ ചക്കയിൽ വെള്ളം കയറി മധുരം കുറയുമെന്ന പേടി വേണ്ട. വർഷം മുഴുവൻ ഇവിടെ ചക്ക ലഭിക്കും. കാലാവസ്ഥയുടെയും ഇനങ്ങളുടെയും സുകൃതം. അതിനടുത്തു തന്നെ പാലൂർ ഗവേഷണ കേന്ദ്രവുമുണ്ട്. നാലുമണിക്ക് സജീവമാകുന്ന രത്തിനം പിള്ള മാർക്കറ്റിൽ നിന്നും ദിനവും 5-6 ലോഡ് ചക്ക ചെന്നൈയിലേക്കും ബോംബയിലേക്കും പോകുന്നു. ഏതാണ്ട് 2000 ഏക്കർ സ്ഥലത്തു വെള്ളവും വളവും നൽകി തമിഴൻ പ്ലാന്തോട്ടങ്ങൾ പരിപാലിക്കുന്നു.

# എന്റെ വീട്ടിലും ഒരു കൃഷിത്തോട്ടം പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം മന്ത്രി.പി. പ്രസാദ് നിർവ്വഹിച്ചു



കതിര് കൊയ്യാൻ കൃഷി മന്ത്രി എത്തിയതോടെ അരീക്കോട് സുല്ലമുസലാം ഓറിയന്റൽ ഹയർ സെക്കൻഡറി സ്കൂൾ എൻ.എസ്.എസ് യൂണിറ്റ് സംഘടിപ്പിച്ച കൊയ്ത്തുൽസവം നാടിന്റെ ആഘോഷമായി. അരീക്കോട് വെങ്ങേരി ചാലിപാടത്ത് നടന്ന കൊയ്ത്തുൽസവം കാർഷിക വികസന കർഷക്ഷേമ വകുപ്പ് മന്ത്രി പി പ്രസാദ് ഉദ്ഘാടനം ചെയ്തു. ഏറനാട് എം എൽ എ പി കെ ബഷീർ അധ്യക്ഷനായി.

ആരോഗ്യദായകവും വിഷരഹിതവുമായ കാർഷിക ഉത്പന്നങ്ങൾ എല്ലാവരും അവരവരുടെ വീടുകളിൽ തന്നെ ഉത്പാദിപ്പിക്കാൻ മനസ് കാണിക്കണമെന്നും ഇത്തരം പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ ഭക്ഷ്യ സ്വയം പര്യാപ്തതയിലെത്തിക്കാൻ കഴിയുമെന്നും സുല്ലമുസലാം സ്കൂളിലെ വിദ്യാർത്ഥികൾ ഇത്തരത്തിൽ ഒരു മികച്ച മാതൃകയാണ് സമൂഹത്തിന് നൽകുന്നതെന്നും മന്ത്രി പറഞ്ഞു. കാർഷിക രംഗത്തേക്ക് കടന്നു വരുന്നവർക്ക് എല്ലാ പിന്തുണയും കൃഷി വകുപ്പിൽ നിന്നും ലഭിക്കുമെന്ന് മന്ത്രി കൂട്ടി ചേർത്തു.

കഴിഞ്ഞ ശിശുദിനത്തിലാണ് കുട്ടികർഷകർ ഇവിടെ കൃഷിയിറക്കുന്നത്. ചടങ്ങിൽ യുവ കർഷകൻ നൗഷർ കല്ലടയേയും മുതിർന്ന കർഷകർഷകരേയും മന്ത്രി പൊന്നാട അണിയിച്ച് ആദരിച്ചു. തുടർന്ന് സ്കൂളിലെ എൻ എസ് എസും സ്കൗട്ട് & ഗൈഡ്സും ആരംഭിച്ച 'എന്റെ വീട്ടിലും ഒരു കൃഷി തോട്ടം' പദ്ധതിയുടെ ജില്ലാ തല ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു.

ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by George Sebastian, Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Asha T.T., Design & Layout : Maya Santhosh